**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 351** — **06-08-2021 - ൽ മറുപടിയ്ക്ക്**

**കുടിവെള്ള ദുരുപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ പ്രമോദ് നാരായൺ** | | **Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പൊതു ടാപ്പുകളിൽ നിന്നുള്ള കുടിവെള്ളം വാഹനങ്ങൾ കഴുകുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾക്കും വ്യാപകമായി ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ പൊതു ടാപ്പുകളിൽ നിന്നുള്ള കുടിവെള്ളം വാഹനങ്ങൾ കഴുകുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾക്കും ചില സ്ഥലങ്ങളിൽ ഉപയോഗിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . |
| (ബി) | എങ്കിൽ കുടിവെള്ളം ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | മോട്ടോറുകൾ വിതരണ ശൃംഖലയിലേക്ക് നേരിട്ട് ഘടിപ്പിക്കുക, വിതരണ ശൃംഖലയിൽ നിന്നും നേരിട്ട് നടത്തുന്ന ജലമോഷണം, പൊതു ടാപ്പുകളുടെ ദുരുപയോഗം, നിർമ്മാണ പ്രവർത്ത നങ്ങൾക്കായി കുടിവെള്ളം ദുരുപയോഗം ചെയ്യുന്നത് എന്നീ പ്രവർത്തികൾ കണ്ടെത്തുകയും, വാട്ടർ സപ്ലൈ &സീവറേജ് ആക്ട് 1986 പ്രകാരം ഉചിതമായ നടപടികൾ സ്വീകരിക്കുകയും പിഴ ചുമത്തുകയും ചെയ്ത് വരുന്നു. പൊതു ടാപ്പുകളിലെ ജല ദുരുപയോഗം ശ്രദ്ധയിൽപ്പെടുമ്പോൾ കത്ത് മുഖേനയും ഫോൺ മുഖേനയും പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും ഭാഗത്ത് നിന്നും അറിയിപ്പുകൾ ലഭിക്കുന്നുണ്ട്. മാത്രമല്ല വാട്ടർ അതോറിറ്റിയുടെ മീറ്റർ റീഡർമാർ, ഓവർസിയേഴ്സ് തുടങ്ങിയ ഫീൽഡ് ജീവനക്കാർ നടത്തുന്ന സന്ദർശനം മുഖേനയും ജല ദുരുപയോഗം കണ്ടെത്തി വരുന്നുണ്ട്. |
| (സി) | പൊതു ടാപ്പുകളിലെ കുടിവെള്ളം ദുരുപയോഗം ചെയ്യുന്നവർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | ജലമോഷണം തടയുന്നതിനായുള്ള നോൺ റവന്യൂ വാട്ടർ മാനേജ്മെന്റ് ആൻഡ് ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡ് 2017 മുതൽ 2021 ജൂലൈ മാസം വരെ 603 ജലമോഷണ കേസുകൾ രജിസ്റ്റർ ചെയ്ത് കേരള വാട്ടർ സപ്ലൈ &സീവറേജ് ആക്ട് 1986 പ്രകാരം 35.11 ലക്ഷം രൂപ പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ